20 (23) എൽ.ഡി.സി. നിയമനത്തിലുള്ള കാലതാമസം

ശ്രീ. പി.കെ. കെ. ബാവ :

ശ്രീ. നാലകത്ത് സൂപ്പി :

ശ്രീ. എം.കെ.മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ വിവിധ വകുപ്പുകളിൽ നിലവിലുള്ള പതിനായിരത്തിലധികം ഒഴിവുകളിലേക്ക് എൽ.ഡി.സി.നിയമനത്തിനുള്ള പരീക്ഷ നടത്തി നിയമന ലിസ്റ്റുകൾ നിലവിൽ വന്ന് ഒരു വർഷം കഴിഞ്ഞിട്ടും നിയമനം നടക്കാത്തത് എന്തുകൊണ്ട്;

(ബി) ഇവരുടെ നിയമനം വൈകുന്നതുകാരണം വകുപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാകുന്നില്ലെന്ന പരാതി ഉണ്ടായിട്ടുണ്ടോ;

(സി) സർക്കാരിന്റെ സാമ്പത്തികപ്രതിസന്ധി കാരണം നിയമനത്തിന് കാലതാമസം വരുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) ഉദ്യോഗസ്ഥൻമാരുടെ ഒഴിവുകൾ നികത്താൻ അടിയന്തിരനടപടി സ്വീകരിക്കുമോ?

ഉത്തരം

(എ,ബി) വിവിധ വകുപ്പുകൾ ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയ്ക്ക് റാങ്ക് ലിസ്റ്റ് നിലവിലുള്ള ജില്ലകളിൽ താഴെപ്പറയും പ്രകാരം ഉദ്യോഗാർത്ഥികളെ നിയമനത്തിനായി ശുപാർശ ചെയ്തിട്ടുണ്ട്.

ജില്ല	*റാങ്ക് ലിസ്റ്റ് നിലവിൽ വന്ന തീയതി*	*നിയമന ശുപാർശ നൽകിയ ഉദ്യോഗാർത്ഥികളുടെ എണ്ണം*
തിരുവനന്തപുരം	13.10.2000	398
കൊല്ലം	16.05.2000	215
പത്തനംതിട്ട	22.10.1999	229
ആലപ്പുഴ	18.04.2000	302
കോട്ടയം	22.10.1999	342
എറണാകുളം	07.06.2000	228
തൃശൂർ	02.05.2000	269
പാലക്കാട്	19.05.2000	338
മലപ്പുറം	21.06.2000	419
വയനാട്	22.10.1999	230
കാസർകോഡ്	22.10.1999	259

കണ്ണൂർ, കോഴിക്കോട്, ഇടുക്കി ജില്ലകളിൽ റാങ്ക്ലിസ്റ്റ് പ്രസിദ്ധീകരിക്കാനുള്ള നടപടികൾ ധൃതഗതിയിൽ നടന്നുവരുന്നു.

റാങ്ക് ലിസ്റ്റ് നിലവിലുള്ള ജില്ലകളിൽ സംവരണവിഭാഗത്തിലുള്ള ഉദ്യോഗാർത്ഥികളിൽ നിന്ന് ക്രീമിലെയർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് വാങ്ങുന്നതിനും, ചില ഉദ്യോഗാർത്ഥികൾ ഒന്നിൽ കൂടുതൽ ജില്ലയിൽ അപേക്ഷിച്ചിട്ടുമുണ്ട് എന്ന പരാതികൾ ലഭിച്ചതിനെത്തുടർന്ന് അവ പരിശോധിച്ച് ആവശ്യ

LIBRARY ARCHIVES Kerala Legislative Assembly

മായ നടപടി സ്വീകരിക്കുന്നതിനും വേണ്ടിവന്ന, ഒഴിവാക്കാൻ സാധിക്കാത്ത കാലതാമസം മാത്രമേ നിയമന ശുപാർശ നൽകുന്ന കാര്യത്തിൽ ഉണ്ടായിട്ടുള്ളൂ.

(സി) ഇല്ല.

(ഡി) സ്വീകരിച്ചിട്ടുണ്ട്.

21 (24) പി.എസ്.സി. വഴിയുള്ള നിയമനം

ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം പി.എസ്.സി. വഴി എത്ര പേരെ നിയമിച്ചിട്ടുണ്ട്;

(ബി) നിലവിലുള്ള ഒഴിവുകളിലേയ്ക്ക് നിയമനം നടത്താത്തതെന്തുകൊണ്ടാണ്;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഏതെല്ലാം ഉദ്യോഗങ്ങളിലേയ്ക്ക് നിയമിക്കപ്പെടുന്നതിനായി പബ്ലിക് സർവ്വീസ് കമ്മീഷൻ അപേക്ഷകൾ ക്ഷണിച്ചു;

(ഡി) ഇതിൽ ഏതെല്ലാം ഉദ്യോഗങ്ങളിലേയ്ക്ക് നിയമനത്തിനുള്ള ലിസ്റ്റ് തയ്യാറാക്കി;

(ഇ) ഈ ലിസ്റ്റുകളിലോരോന്നിൽ നിന്നും എത്ര പേരെ വീതം നിയമിച്ചു?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2000 നവംബർ 30 വരെ 96,954 പേർക്ക് നിയമന ശുപാർശ നൽകിയിട്ടുണ്ട്.

(ബി) നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും നിയമനം ത്വരിതപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി, ഡി, ഇ) വിവരം ശേഖരിച്ചു വരുന്നു.

22 (25) പി.എസ്.സി. നിയമനങ്ങൾ ഏകീകരിച്ചുള്ള സ്പെഷ്യൽ റൂൾസ്

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പോലീസ് സേനയിലെ സബ് ഇൻസ്പെക്ടർമാരുടെ നേരിട്ടുള്ള പി.എസ്.സി. നിയമനങ്ങൾ ഏകീകരിച്ച് സ്പെഷ്യൽ റൂൾസ് നിർമ്മിക്കണമെന്നാവശ്യപ്പെട്ട് പോലീസ് ഡയറക്ടർ ജനറൽ ടി1/87678/98 എന്ന നമ്പരിൽ സർക്കാരിന് ഒരു പ്രൊപ്പോസൽ 3.11.1998-ൽ നൽകിയിരുന്നുവോ;

(ബി) ഈ പ്രൊപ്പോസൽ പ്രകാരം ഒരു തീരുമാനമാകുന്നതുവരെ സബ് ഇൻസ്പെക്ടർമാരുടെ നേരിട്ടുള്ള നിയമനം നിർത്തിവയ്ക്കണമെന്ന് ഡി.ജി.പി. നിർദ്ദേശിച്ചിരുന്നുവോ;

LIBRARY ARCHIVES Kerala Legislative Assembly